# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

*(Under the Holy Apostolic See of Antioch and All the East)*

**Reg. No. ER/308/07**

**Circular to All Sunday Schools and Co-workers**
**Website : www.mjssa.in**
**Email : mjssahq@gmail.com**

**M.J.S.S.A. HEAD QUARTERS,**
**Puthencruz - 682 308,**
**Kerala state,**
**Fax & Phone : 0484 -2730150**

**Date: 23-08-2016**

**No. 5/ 2016**

**കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,**

എം.ജെ.എസ്.എസ്.എ.യുടെ പ്രവർത്തങ്ങൾ വളരെ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് നിങ്ങളേവരിൽ നിന്നും ലഭിക്കുന്ന സഹകരണത്തെ നന്ദിയോടെ സ്മരിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. ഇനിയും പ്രസ്ഥാനത്തിന് വേണ്ടി ഏറെ ചെയ്യുവാൻ നമുക്ക് കൂട്ടായി ശ്രമിക്കാം. ഇപ്പോൾ നടന്നു വരുന്നതും, മേലിൽ നടത്തുവാൻ ശ്രമിക്കുന്നതുമായ പ്രധാന പ്രവർത്തനങ്ങൾ നിങ്ങളുടെ പ്രാർത്ഥനയ്ക്കും അറിവിനും സഹായങ്ങൾക്കുമായി ചുരുക്കമായി പ്രസ്ഥാവിക്കട്ടെ.

1. **പാഠപുസ്തക പരിഷ്ക്കരണം:** എം.ജെ.എസ്.എസ്.എ.യുടെ പാഠപുസ്തകങ്ങൾ, ജെ.എസ്.വി.ബി.എസ്. പാഠ്യപദ്ധതി എന്നിവ പരിഷ്ക്കരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2017-18 ആകുമ്പോഴേയ്ക്കും മുഴുവൻ പാഠപുസ്തകങ്ങളും പൂർണ്ണമായും ആകർഷകമായ തരത്തിൽ പരിഷ്ക്കരിക്കപ്പെടണമെന്ന് ആഗ്രഹിച്ച് ക്രമീകരണങ്ങൾ ചെയ്തു വരുന്നു.

2. **എം.ജെ.എസ്.എസ്.എ. ക്യാമ്പ് സൈറ്റ്:** മലങ്കര യാക്കോബായ സുറിയാനി സഭയിലെ അംഗങ്ങൾക്ക്, പ്രത്യേകിച്ച് കുട്ടികൾ, യുവാക്കൾ എന്നിവർക്കു കൂടുതൽ ആദ്ധ്യാത്മീക അറിവുകൾ നേടുന്നതിനും, അവർക്കാവശ്യമായ ക്യാമ്പുകൾ കൗൺസലിംഗ് ക്ലാസ്സുകൾ, കോച്ചിംഗ് ക്ലാസ്സുകൾ, അദ്ധ്യാപക കോൺഫറൻസുകൾ, സമ്മേളനങ്ങൾ, ധ്യാനയോഗങ്ങൾ, ചർച്ചാ ക്ലാസ്സുകൾ, എന്നിവയ്ക്കു താമസസൗകര്യങ്ങൾ, നല്ല ലൈബ്രറി, ഹോസ്റ്റൽ സൗകര്യങ്ങൾ, കോൺഫറൻസ് ഹോൾ, എന്നിവ ലക്ഷ്യമാക്കി എം.ജെ.എസ്.എസ്.എ.യുടെ നിലവിലുള്ള സ്ഥലം ഒരു ക്യാമ്പ് സൈറ്റ് ആക്കി മാറ്റണമെന്ന സെൻട്രൽ കമ്മിറ്റിയുടെ നിർദ്ദേശം 11.6.2016 ലെ വാർഷിക പൊതുയോഗം അംഗീകരിക്കുകയും അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കു ആരംഭം കുറിച്ചിട്ടുള്ളതുമാണ്. എം.ജെ.എസ്.എസ്.എ.യുടെ അഭിമാനകരമായ ഈ പ്രൊജക്റ്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിങ്ങളേവരുടേയും പ്രാർത്ഥനയും സഹായ സഹകരണങ്ങളും ഉണ്ടായേ മതിയാകു. ഏകദേശം 1 കോടി 70 ലക്ഷം ക ഇതിന്റെ ആദ്യഘട്ടം പണികൾക്കായി പ്രതീക്ഷിക്കുന്നു. പ്രത്യേകം പ്രാർത്ഥിക്കുക.

3. **ചിത്രരചനാ മത്സരം:** കഴിഞ്ഞ വർഷത്തേതുപ്പോലെ ഈ വർഷവും ചിത്രരചനാ മത്സരം നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. എം.ജെ.എസ്.എസ്.എ കലോത്സവത്തിലേതുപോലെ സബ് ജൂണിയർ, ജൂണിയർ, സീനിയർ എന്നിങ്ങനെ 3 വിഭാഗങ്ങളിലായി മത്സരം നടത്തേണ്ടതും സബ്ജൂണിയർ വിഭാഗത്തിന് സ്കെച്ചും, മറ്റ് രണ്ട് വാട്ടർകളർ വിഭാഗങ്ങൾക്കുള്ള വിഷയങ്ങളും കേന്ദ്ര ഓഫീസിൽ നിന്നും നൽകുന്നതാണ്. ആവശ്യമായ പകർപ്പുകൾ എടുത്ത് കുട്ടികൾക്ക് നൽകാവുന്നതാണ്. സൺഡേസ്കൂളുകളിൽ നിന്നും ഓരോ വിഭാഗത്തിലും രണ്ട് കുട്ടികളെ വീതം തെരഞ്ഞെടുത്ത് ഡിസ്ട്രിക്റ്റ് തലത്തിൽ 16.10.16 -ാം തീയതി 2.30 മുതൽ 3.30 വരെയുള്ള സമയത്ത് മത്സരം ഇൻസ്പെക്ടർമാരുടെ ചുമതലയിൽ നടത്തേണ്ടതാണ്. അതിൽ 1,2,3 സ്ഥാനങ്ങൾ ലഭിക്കുന്നവ ഭദ്രാസന തലത്തിൽ ഒക്ടോബർ 25 നകം മൂല്യനിർണ്ണയം നടത്തി അതിൽ 1,2 സ്ഥാനങ്ങൾ ലഭിക്കുന്നവ കേന്ദ്രത്തിലേക്കു നവംബർ 5 നകവും അയച്ചു തരേണ്ടതാണ്. മത്സരങ്ങൾ വിജയകരമാക്കുന്നതിൽ ഹെഡ്മാസ്റ്റർമാരും ബന്ധപ്പെട്ട ഭാരവാഹികളും പ്രത്യേകം ശ്രദ്ധിക്കണം എന്നറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് എം.ജെ.എസ്.എസ്.എ.യുമായി ബന്ധപ്പെടുക.

4. **ബസ്സേലിയോസ് തോമസ് അക്കാഡമി ഓഫ് എക്സലൻസ്:** നിങ്ങൾക്കറിവുള്ളത് പോലെ സഭയിലേയും സമൂഹത്തിലേയും പ്രഗത്ഭരായ കുട്ടികളെ കണ്ടുപിടിച്ച് അവരെ ഉന്നത നിലവാരത്തിൽ എത്തിക്കുന്നതിന്റെ ഭാഗമായി IAS, IFS, IPS, IRS, IA & AS, തുടങ്ങിയ അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയുടെ ഫൗണ്ടേഷൻ കോഴ്സ്, വിവിധ ഗവ. ടെസ്റ്റുകൾക്കുള്ള പരിശീലന കോഴ്സ് എന്നിവ എം.ജെ.എസ്.എസ്.എ.യിൽ ആരംഭിച്ചിട്ടുള്ളതും അതിന്റെ 3 ബാച്ചുകൾ വളരെ വിജയകരമായി പൂർത്തിയാക്കിയിട്ടുള്ളതും 4-ാമത് ബാച്ച് ഓണാവധിക്കാലത്ത് നടത്തുന്നതുമാണ്. നമ്മുടെ കുട്ടികൾക്ക് ഈ സുവർണ്ണാവസരം പ്രയോജനപ്പെടുത്തുന്നതിൽ അതതു സ്കൂളിലെ ഹെഡ്മാസ്റ്റർമാരും മറ്റു ഭാരവാഹികളും പ്രത്യേകം ശ്രദ്ധിക്കണമെന്നറിയിക്കുന്നു.

5. **ജെ.എസ്.വി.ബി.എസ്.:** ഈ വർഷത്തെ ചിന്താവിഷയം "നീതിയിൻ കിരീടം" Crown of Righteousness 2തീമോത്തിയോസ് 4:8 എന്നതാണ്. ജെ.എസ്.വി.ബി.എസ്. ഗാനങ്ങൾ തരുന്നതിന് ആഗ്രഹിക്കുന്നവർ അവ തയ്യാറാക്കി സെപ്റ്റംബർ 30നകം ജനറൽ സെക്രട്ടറിക്കയച്ചു തരേണ്ടതാണ്.

6. **വർഷാരംഭസ്റ്റേറ്റ്മെന്റ് 2016-17 :** 2016-17 വർഷത്തെ വർഷാരംഭസ്റ്റേറ്റ്മെന്റ് വളരെ വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

   1. കൃത്യമായും വർഷാരംഭ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല.
   2. കുട്ടികളുടെ എണ്ണത്തിൽ കുറവ് സംഭവിച്ചിരിക്കുന്നു.
   3. ജെ.എസ്.വി.ബി.എസ്. കേന്ദ്രങ്ങളുടെ എണ്ണത്തിൽ കുറവ് വന്നിരിക്കുന്നു.
   4. എല്ലാ കേന്ദ്രങ്ങളിൽ നിന്നും ഡെ ഓഫ് ഗിവിംഗ് തുക ലഭിച്ചിട്ടില്ല.

*മറുപുറം*

5. പെന്തിക്കോസ്തിക്കാണിക്ക എല്ലാ പള്ളികളിൽ നിന്നും ലഭിച്ചിട്ടില്ല.
6. 50% അദ്ധ്യാപകർ പോലും ആത്മദീപം വരിക്കാരായിട്ടില്ല.
7. 10% കുട്ടികളുടെ ഭവനങ്ങളിൽ പോലും ആത്മദീപം എത്തിയിട്ടില്ല.
8. അദ്ധ്യാപക വിദ്യാർത്ഥി ഹാജർ നിലവാരം തൃപ്തികരമല്ല.

മേൽപോരായ്മകൾ 31.03.17 നകം പൂർണ്ണമായും പരിഹരിക്കേണ്ടതും അതിനായി ഭദ്രാസന ഡയറക്ടർമാർ, ഡി. ഇൻസ്പെക്ടർമാർ എന്നിവർ ബന്ധപ്പെട്ടവരുടെ യോഗങ്ങൾ പ്രത്യേകം വിളിച്ചു ചർച്ച ചെയ്യേണ്ടതാണ്. എല്ലാ അദ്ധ്യാപകരും കുട്ടികളും പരമാവധി ഇടവക കുടുംബങ്ങളും ആത്മദീപം വരിക്കാരായി ചേരുന്നതിനുള്ള സത്വര നടപടികൾ ബന്ധപ്പെട്ട ഹെഡ്മാസ്റ്റർമാരും ഓർഗനൈസർമാരും സ്വീകരിക്കേണ്ടതും, തുടർന്ന് പ്രോഗ്രസ്സ് എല്ലാ മാസവും അവലോകനം ചെയ്യേണ്ടതുമാണ്. ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർമാർ ഭദ്രാസന ഡയറക്ടർമാർ, സെൻട്രൽ കമ്മറ്റി അംഗങ്ങൾ വർഷാരംഭ സ്റ്റേറ്റ്മെന്റിലെ പോരായ്മകൾ പരിഹരിക്കുന്ന കാര്യത്തിൽ ഹെഡ്മാസ്റ്റർമാരുടെ ശ്രദ്ധയിൽപെടുത്തേണ്ടതും പരിഹാരം കാണേണ്ടതുമാണ്.

**7. തെരഞ്ഞെടുപ്പ്**

2017 തെരഞ്ഞെടുപ്പു വർഷമാണല്ലോ. നിലവിലുള്ള ഡിസ്ട്രിക്റ്റ് ഭാരവാഹികളുടെ കാലാവധി 28.02.2017 ൽ അവസാനിക്കുകയാണ്. അതിനാൽ ജനുവരി, ഫെബ്രുവരി മാസങ്ങളിൽ തെരഞ്ഞെടുപ്പു നടത്തി മാർച്ച് 1-ാം തീയതി പുതിയ ഭാരവാഹികൾ ചുമതല ഏൽക്കേണ്ടതാണ്. അതുപോലെ തന്നെ ഭദ്രാസന ഭാരവാഹികളുടെ കാലാവധി ഏപ്രിൽ 30-ാം തീയതി അവസാനിക്കുന്നതും തെരഞ്ഞെടുപ്പ് മാർച്ച്, ഏപ്രിൽ മാസങ്ങളിൽ നടത്തി മെയ് 1-ാം തീയതി പുതിയ ഭാരവാഹികൾ ചുമതല ഏൽക്കേണ്ടതുമാണ്. അതിനാൽ ഡിസ്ട്രിക്റ്റ് ഭദ്രാസന തലങ്ങളിൽ തെരഞ്ഞെടുപ്പ് പൊതുയോഗ തീയതി മുൻകൂട്ടി തീരുമാനിച്ച് വിവരം യഥാക്രമം ഭദ്രാസന ഡയറക്ടർ, ജനറൽസെക്രട്ടറി എന്നിവരെ തെരഞ്ഞെടുപ്പിന് രണ്ടു മാസം മുൻപായി രേഖാമൂലം അറിയിക്കേണ്ടതാണ്. ഡ്സ്ട്രിക്റ്റ്തല തിരഞ്ഞെടുപ്പ് തീയതി നിശ്ചയിച്ച് ഭദ്രാസന ഡയറക്ടർക്കയക്കുന്ന കത്തിന്റെ പകർപ്പ് മുൻകൂട്ടി ജനറൽസെക്രട്ടറിക്ക് അയച്ചിരിക്കണം. ഡിസ്ട്രിക്റ്റ് ഭദ്രാസന ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് ആയതിന്റെ വിശദവിവരം രേഖാമൂലം നിശ്ചിത പ്രൊഫോർമയിൽ ജനറൽ സെക്രട്ടറിയെ തെരഞ്ഞെടുപ്പ് തീയതിയിലോ, അതിനടുത്ത ദിവസമോ നിർബന്ധമായും അറിയിച്ചിരിക്കണം. എം.ജെ.എസ്.എസ്.എ. ഭരണഘടന പ്രകാരം കുറ്റമറ്റ രീതിയിൽ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ അതിന് നിയോഗിക്കപ്പെട്ട ചുമതലക്കാർ നിർവ്വഹിക്കേണ്ടതാണ്.

തിരഞ്ഞെടുപ്പ് പൂർത്തിയാക്കി പുതിയ ഭാരവാഹികൾക്ക് ചുമതലകൾ കൈമാറുന്നതിന് മുമ്പായി വാർഷിക പൊതുയോഗം ചേർന്ന് വാർഷിക കണക്കുകൾ, റിപ്പോർട്ട് എന്നിവ പാസ്സാക്കി, നീക്കിയിരിപ്പ് തുക, മറ്റ് രേഖകൾ എന്നിവ പുതിയ ഭാരവാഹികൾക്ക് കൈമാറേണ്ടതാണ്. ആയത് നിലവിലുള്ള ഭാരവാഹികളുടെ ചുമതലയാകുന്നു.

**8. ഇൻസ്പെക്ഷൻ റിപ്പോർട്ട്**

പരിഷ്കരിച്ച സൺഡേസ്കൂൾ ഇൻസ്പെക്ഷൻ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതും ആയത് എം.ജെ.എസ്.എസ്.എ. വെബ്സൈറ്റിൽ ലഭ്യവുമാണ്. ബന്ധപ്പെട്ടവർ സൺഡേസ്കൂളുകൾ യഥാസമയങ്ങളിൽ സന്ദർശിച്ച് പരിശോധന നടത്തുകയും റിപ്പോർട്ട് ഭദ്രാസന ഡയറക്ടർമാർ വഴി ജനറൽ സെക്രട്ടറിക്ക് സമയബന്ധിതമായി അയച്ചു തരേണ്ടതുമാണ്. ചുരുങ്ങിയത് രണ്ട് ഇൻസ്പെക്ഷൻ നടത്തേണ്ടതും അതിൽ വിശദമായ റിപ്പോർട്ട് മാർച്ച് 31 നകവും സാധാരണ റിപ്പോർട്ട് ഒക്ടോബർ 31 നകവും ജനറൽ സെക്രട്ടറിക്ക് ലഭിച്ചിരിക്കേണ്ടതുമാണ്.

അതോടൊപ്പം തന്നെ എം.ജെ.എസ്.എസ്.എ.പ്ലാൻ ചെയ്യുന്ന "ക്യാമ്പ് സൈറ്റ്" പ്രൊജക്റ്റ് എല്ലാവരുടേയും പൂർണ്ണപങ്കാളിത്വത്തോടെ നടപ്പിലാക്കുവാനാണ് ആഗ്രഹിക്കുന്നത്. കൂടുതൽ വിവരങ്ങൾ പിന്നാലെ അറിയിക്കുന്നതാണ്.

സഭയുടെ അഭിമാനമായ എം.ജെ.എസ്.എസ്.എ. പ്രസ്ഥാനം സഭയ്ക്കും സമൂഹത്തിനും കൂടുതൽ പ്രയോജനകരമാകുവാൻ തക്കവണ്ണം ഉന്നത ശ്രേണിയിൽ എത്തിച്ചേരുവാൻ നമുക്ക് കൂട്ടായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം. എല്ലാം ദൈവാനുഗ്രഹത്തിനായി തീരുവാൻ പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

സ്നേഹാദരങ്ങളോടെ
കർത്താവിൽ എളിയ ശുശ്രൂഷകൻ



**ഫെവ. എം.ജെ.മർക്കോസ്**
**ജനറൽ സെക്രട്ടറി (0485-2246211)**
**MOB: 9745046911, 8281325911**

# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

***(Under the Holy Apostolic See of Antioch and All the East)***

**Reg. No. ER/308/07**

**Circular to All Sunday Schools and Co-workers**
**Website : www.mjssa.in**
**Email : mjssahq@gmail.com**

**M.J.S.S.A. HEAD QUARTERS,**
**Puthencruz - 682 308, Kerala state,**
**Fax & Phone : 0484 -2730150**

**No.6/ 2016** **Date: 23-08-2016**

**കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,**

**2016 ലെ വാർഷിക പരീക്ഷയുടെ പ്രോഗ്രാം താഴെ ചേർക്കുന്നു.**

| തീയതി | സമയം | ക്ലാസ്സ് | പാഠഭാഗങ്ങൾ |
|---|---|---|---|
| 27–11–16 | 1 pm to 3.30 pm | 1,2,3,4,5,6,7,8,9,XI | മുഴുവൻ പാഠഭാഗങ്ങൾ |
| 04–12–16 | 1 pm to 3.30 pm | X,XII | മുഴുവൻ പാഠഭാഗങ്ങൾ |

**സുറിയാനി** : 4 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കാനുള്ള സുറിയാനി പാഠഭാഗങ്ങളിൽ നിന്നും, 10-ാം ക്ലാസ്സിൽ 8, 9 ക്ലാസ്സുകളിലെ പാഠഭാഗത്തു നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

**1. ചോദ്യക്കടലാസ്, ഹാൾടിക്കറ്റ് വിതരണം**

*സ്ഥലം* : ***എം.ജെ.എസ്.എസ്.എ. കേന്ദ്രഓഫീസ്, പുത്തൻകുരിശ്***

*തീയതി* : ***2016 നവംബർ 5-ാം തീയതി ശനി 11 മണി മുതൽ 4 മണി വരെ*** അങ്കമാലി. കണ്ടനാട് , കൊച്ചി ഭദ്രാസനങ്ങൾ

: ***2016 നവംബർ 12-ാം തീയതി ശനി 11 മണി മുതൽ 2 മണി വരെ*** മറ്റ് ഭദ്രാസനങ്ങൾ

1. സൺഡേസ്കൂളുകളിൽ നിന്നും, ഡിസ്ട്രിക്ടുകളിൽ നിന്നും അസ്സോസിയേഷനിലേക്കുള്ള വിഹിതങ്ങൾ കൊടുത്ത് തീർത്തിരിക്കണം. **ജൂലൈ 31നു ശേഷം പ്രൊഫോർമാ തന്നിട്ടുള്ള സൺഡേസ്കൂളുകൾ മാനുവലിൽ പറയും പ്രകാരം ലേറ്റ്ഫീ അടയ്ക്കേണ്ടതാണ്. ലഭിച്ചിട്ടുള്ള പ്രൊഫോർമയിൽ അപൂർണ്ണമായവ തിരുത്തി നൽകാതിരുന്നാൽ ചിലർക്കെങ്കിലും ഹാൾടിക്കറ്റ് നൽകാൻ പറ്റാതെ വരുന്നതാണ്. കൂടാതെ അപൂർണ്ണമായ പ്രൊഫോർമ അനുസരിച്ച് തയ്യാറാക്കുന്ന സർട്ടിഫിക്കറ്റ് തിരുത്തേണ്ടി വന്നാൽ വീണ്ടും ഫീസടക്കേണ്ടി വരുമെന്നും ഓർമ്മപ്പെടുത്തുന്നു.**
2. ഇൻസ്പെക്ടറോ, രേഖാമൂലം ചുമതലപ്പെടുത്തപ്പെട്ട ഡിസ്ട്രിക്ട് ഭാരവാഹിയോ (ഒഴിവാക്കാനാവാത്ത സാഹചര്യത്തിൽ) ചോദ്യക്കടലാസുകളും, ഹാൾടിക്കറ്റും മേൽകാണിച്ചിട്ടുള്ള തീയതികളിൽ ഏറ്റുവാങ്ങി, ഇൻസ്പെക്ടറുടെ ഉത്തരവാദിത്വത്തിൽ വിതരണം നടത്തേണ്ടതാണ്.
3. ഇൻസ്പെക്ടർമാർ മുൻകൂട്ടി അറിയിക്കുന്ന സമയത്തും സ്ഥലത്തും ഹെഡ്മാസ്റ്റർമാർ ചെന്ന് ചോദ്യക്കടലാസ് പാക്കറ്റുകൾ ഏറ്റുവാങ്ങണം.
4. എല്ലാ സൺഡേസ്കൂളിലേക്കും സൂപ്പർവൈസർമാരെ ഇൻസ്പെക്ടർ നിയമിക്കുകയും പേരു വിവരം ഡയറക്ടറെ അറിയിക്കുകയും ചെയ്യേണ്ടതാണ്. **സൂപ്പർവൈസർമാർ XI-ാം ക്ലാസ്സിലെ കുട്ടികളുടെ ഹാൾടിക്കറ്റ് പരിശോധിച്ച് ബോദ്ധ്യപ്പെട്ട ശേഷം എ ലിസ്റ്റിൽ കുട്ടികളെ കൊണ്ട് ഒപ്പ് ഇടുവിക്കേണ്ടതാണ്. സൂപ്പർവൈസറും ലിസ്റ്റിൽ ഒപ്പിടേണ്ടതാണ്.**
5. **അസ്സോസിയേഷനിൽ നിന്ന് വിതരണം ചെയ്യുന്ന ഹാൾടിക്കറ്റ് കൈവശം ഇല്ലാത്ത ഒരു കുട്ടിയേയും 10,11,12 ക്ലാസ്സുകളിലെ പരീക്ഷയ്ക്ക് ഇരുത്തുകയോ, പകരം കുട്ടികളെ ഇരുത്തുകയോ ചെയ്യാൻ പാടില്ലാത്തതാണ്. ഇതിന് വിരുദ്ധമായി ആരെങ്കിലും പരീക്ഷ എഴുതിയാൽ ആ പേപ്പറുകൾ മൂല്യനിർണ്ണയം നടത്തുന്നതല്ല. പരീക്ഷ സംബന്ധിച്ച് എല്ലാ കാര്യങ്ങളും മാനുവൽ അനുസരിച്ചും, സർക്കുലർ അനുസരിച്ചും മാത്രമെ നടത്തുവാൻ പാടുള്ളു എന്നു ബന്ധപ്പെട്ടവരെ ഓർമ്മപ്പെടുത്തുന്നു.**

**2. ഇംഗ്ലീഷ് ചോദ്യപേപ്പർ**

1 മുതൽ 10 വരെ ക്ലാസ്സുകളിലെ ഇംഗ്ലീഷ് ചോദ്യക്കടലാസുകൾ ആവശ്യപ്പെട്ടിട്ടുള്ളവർക്ക് ചോദ്യക്കടലാസ് പാക്കറ്റിൽത്തന്നെ ലഭിക്കുന്നതാണ്.

**3. പരീക്ഷാകേന്ദ്രങ്ങളും ചുമതലകളും**

1. **1 മുതൽ 9 വരെ ക്ലാസ്സുകളിലെയും XI -ലേയും** പരീക്ഷകൾ ഹെഡ്മാസ്റ്ററുടെ ചുമതലയിൽ നടത്തപ്പെടേണ്ടതാണ്.
2. 10,12 ക്ലാസ്സുകളിലെ പരീക്ഷകൾ ഡിസ്ട്രിക്ടിലെ ഒരു നിശ്ചിത കേന്ദ്രത്തിൽ വച്ച് ഇൻസ്പെക്ടറുടെ മേൽനോട്ടത്തിൽ നടത്തപ്പെടണം. ഇൻസ്പെക്ടർ ചീഫ് സൂപ്രണ്ടു കൂടി ആയിരിക്കുന്നതാണ്. പരീക്ഷ നടക്കുന്ന ഓരോ കേന്ദ്രത്തിലേക്കും അഡീഷണൽ ചീഫ് സൂപ്രണ്ടിനെ ജനറൽ സെക്രട്ടറി നിയോഗിക്കുന്നതാണ്.
3. **പരീക്ഷ അവസാനിക്കുന്ന മുറയ്ക്ക് മാത്രമെ വിതരണത്തിന് ശേഷമുള്ള ചോദ്യപേപ്പറുകൾ പരീക്ഷാ ഹാളിന് വെളിയിൽ കൊണ്ടുപോകാവു.**

*(മറുപുറം)*

4. **10, 12 ക്ലാസ്സുകളിലെ പരീക്ഷയ്ക്ക് അഡീഷണൽ ഷീറ്റായി നിർബ്ബന്ധമായും വരയിടാത്ത A4 size പേപ്പർ മാത്രമെ ഉപയോഗിക്കാവു. അഡീഷണൽ ഷീറ്റിൽ എം.ജെ.എസ്.എസ്.എ. യുടെ emblem ഉള്ള സീൽ ഉണ്ടായിരിക്കേണ്ടതും, സീൽ എല്ലാ കേന്ദ്രങ്ങളിലേയ്ക്കും ചോദ്യപേപ്പറിനോടൊപ്പം നൽകുന്നതുമാണ്. ഉപയോഗം കഴിഞ്ഞ സീലും ബാക്കിവന്ന സീൽ ചെയ്ത പേപ്പറുകളും ഫേസിംങ്ങ് ഷീറ്റും പ്രത്യേകം കവറിലിട്ട് ഉത്തരക്കടലാസ് പാക്കറ്റിനോടൊപ്പം തിരികെ എം.ജെ.എസ്.എസ്.എ. യിൽ ഏൽപ്പിക്കേണ്ടതുമാണ്.**
5. **ഓരോ ഭദ്രാസനത്തിൽ നിന്നും (സോണിൽ നിന്നും) അഡീഷണൽ ചീഫ് സൂപ്രണ്ടുമാരായി പോകുവാൻ യോഗ്യരായ ഭാരവാഹികളുടെ പേരും ഫോൺ നമ്പരും ഡയറക്ടർമാർ സെപ്റ്റംബർ 30 നകം ജനറൽ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതാണ്.**

## 4. വാർഷിക പിരിവ്

വർഷാരംഭ സ്റ്റേറ്റുമെന്റ് അനുസരിച്ച് 1 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടി ഒന്നിന് 5.00 രൂപാ ക്രമത്തിൽ ഹെഡ്മാസ്റ്റർമാർ വാർഷിക പിരിവ് ഇൻസ്പെക്ടറെ ഏൽപ്പിച്ചിട്ടുണ്ടല്ലോ. ഇൻസ്പെക്ടർമാർ കുട്ടി ഒന്നിന് 1.00 രൂപ വീതം ഡിസ്ട്രിക്ട് വിഹിതമായി കണക്കിൽ വരവ് വച്ച് എടുക്കേണ്ടതും ബാക്കി തുക 30-09-16 ന് മുമ്പ് കേന്ദ്രഓഫീസിൽ ഏൽപ്പിക്കേണ്ടതുമാണ്. **വാർഷിക പിരിവിന് മാത്രമെ ഡിസ്ട്രിക്റ്റ് വിഹിതമുള്ളു** എന്ന് ഓർമ്മപ്പെടുത്തുന്നു.

## 5. മത്സരപരീക്ഷ

1. 5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ ഉത്തരകടലാസ്സുകൾ ഡിസ്ട്രിക്ട് തലത്തിൽ കേന്ദ്രീകൃത മൂല്യനിർണ്ണയം നടത്തി **ഒന്നും രണ്ടും** സ്ഥാനം ലഭിച്ചവരുടെ മാത്രം ഉത്തരകടലാസുകൾ 2016 ഡിസംബർ 20 നകം ഭദ്രാസന ഡയറക്ടർക്ക് ലിസ്റ്റ് സഹിതം അയച്ചു കൊടുക്കേണ്ടതാണ്.
2. ഭദ്രാസന ഡയറക്ടർമാർ ഭദ്രാസനത്തിൽ മൂല്യനിർണ്ണയം നടത്തി അതിൽ **ഒന്നും രണ്ടും** സ്ഥാനം ലഭിച്ചവരുടെ മാത്രം ഉത്തരക്കടലാസുകൾ ലിസ്റ്റു സഹിതം **2017 ജനുവരി 16 നകം** കേന്ദ്രഓഫീസിൽ എത്തിക്കുകയോ ജനറൽ സെക്രട്ടറിയുടെ പേർക്ക് രജിസ്റ്റേർഡ് ആയി അയച്ചു തരികയോ ചെയ്യണം. വൈകി എത്തുന്ന ഉത്തരക്കടലാസുകൾ പരിഗണിക്കുന്നതല്ല.

## 6. XI, XII വാർഷിക പരീക്ഷ

പത്താം ക്ലാസ്സിന്റെ തുടർച്ചയായി 11-ാം ക്ലാസ്സിലും തുടർന്ന് 12-ാം ക്ലാസ്സിലും ചേരുന്നവരെ മാത്രമെ 12-ാം ക്ലാസ്സിന്റെ റാങ്കിനായി പരിഗണിക്കുകയുള്ളു. 11-ാം ക്ലാസ്സ് പാസ്സായവർ മാത്രമെ 12-ാം ക്ലാസ്സിലെ പരീക്ഷ എഴുതുവാൻ പാടുള്ളു.

## 7. പ്രാർത്ഥന, ഗീതം

**10-ാം ക്ലാസ്സിലെ പ്രാർത്ഥന, ഗീതങ്ങൾ, സുറിയാനി ലിപിയിൽ എഴുതുക എന്നിവ VIII, IX ക്ലാസ്സുകളിൽ നിന്നുള്ളതായിരിക്കും.** പ്ലസ് വണ്ണിന് പ്രഭാത പ്രാർത്ഥനയിൽ നിന്നുള്ള പ്രാർത്ഥനയും സ്ലീബാ നമസ്കാരത്തിൽ നിന്നുള്ള ഗീതവും പ്ലസ് ടൂവിന് പാതിരാത്രിയുടെ പ്രാർത്ഥനയിൽ നിന്നുള്ള പ്രാർത്ഥനയും ക്യംതാ നമസ്കാരത്തിൽ നിന്നുള്ള ഗീതവുമായിരിക്കും ചോദ്യങ്ങൾ.

## 8. റീവാല്യുവേഷൻ

10,12 ക്ലാസ്സുകളിലെ പരീക്ഷാ പേപ്പർ റീവാല്യു ചെയ്യുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട ഹെഡ്മാസ്റ്റർമാർ വഴി വിശദ വിവരങ്ങൾ സഹിതം 100 രൂപാ ഫീസ് അടച്ച് ജനറൽ സെക്രട്ടറിക്ക് **2017 ഫെബ്രുവരി 28-ാം** തീയതിക്കകം ലഭിച്ചിരിക്കേണ്ടതാണ്. പരീക്ഷയെ സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും കൃത്യമായും ചിട്ടയായും ആത്മാർത്ഥതയോടെ നിർവ്വഹിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

## 9. ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് / തിരുത്തലുകൾ

ജെ.എസ്.എസ്.എൽ.സി., +2 സർട്ടിഫിക്കറ്റുകളിൽ തിരുത്തലുകൾ വരുത്തുന്നതിന് ബന്ധപ്പെട്ട വിദ്യാർത്ഥിയുടെ വിശദ വിവരങ്ങൾ അടങ്ങിയ അപേക്ഷ ഹെഡ്മാസ്റ്ററുടെ ഒപ്പും ഡി. ഇൻസ്പെക്ടറുടെ ശുപാർശയും ആവശ്യമായ രേഖകൾ സഹിതം (ഉദാ. എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് കോപ്പി) 100 രൂപ ഫീസ് അടച്ച് കേന്ദ്ര ഓഫീസിൽ നൽകേണ്ടതാണ്. എം.ജെ.എസ്.എസ്.എ.യിലെ തകരാറുകൊണ്ട് സർട്ടിഫിക്കറ്റിൽ തെറ്റുകൾ വന്നിട്ടുണ്ട് എങ്കിൽ ഫീസ് നൽകേണ്ടതില്ല.

എന്ന്

സ്നേഹാദരങ്ങളോടെ,

കർത്താവിൽ എളിയ ശുശ്രൂഷകർ

**പി.ഐ. ഉലഹന്നാൻ**
***(പരീക്ഷാ കൺട്രോളർ )***
***Mob.9446331944***

**ഷെവ. എം.ജെ. മർക്കോസ്**
**ജനറൽ സെക്രട്ടറി (0485 2246211)**
**MOB. 9745046911**